**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5354** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ; | (എ) | കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ച് പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേൻമയുള്ള LED ബൾബുകൾ ലഭ്യമാക്കി വരുന്നു. ഈ പദ്ധതി കെ. എസ്. ഇ. ബി. എൽ ന്റെ നേതൃത്വത്തിൽ ഇ.എം.സി യുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കുന്നത്. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജലഭ്യത ഉറപ്പാക്കുന്നതിനായി കേരള സർക്കാർ രൂപം കൊടുത്ത ഒരു കർമ്മ പദ്ധതിയാണിത്. ഈ പദ്ധതിവഴി ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഉൾപ്പെടുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി ബൾബുകൾ കെ. എസ്.ഇ.ബി.എൽ ആദ്യപടിയായി വാങ്ങിയിരുന്നു. 9.08.2021 ലെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്ത 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പല ജില്ലകളിലും പ്രസ്തുത പദ്ധതിക്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ആവശ്യമായ പ്രോത്സാഹനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പ്രസ്തുത പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സർക്കാർ സമയ പരിധി നിശ്ചയിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (സി) | ഇതുവരെ രജിസ്റ്റർ ചെയ്ത 3.35 ലക്ഷം ഉപഭോക്താക്കളിൽ 28.45 ലക്ഷം ബൾബുകൾ കൂടി ഇനി വിതരണം ചെയ്യാനുണ്ട്. 25 ലക്ഷം ബൾബുകൾ |

| | | | |
|---|---|---|---|
| | | | കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. |
| (ഡി) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; സമയപരിധി നിശ്ചയിച്ച് ലക്ഷ്യം കൈവരിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി 5529 ഉപഭോക്താക്കൾക്ക് 59943 എണ്ണം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രകാരമുള്ള ഉപഭോക്താക്കളുടെ രജിസ്ട്രേഷൻ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത പദ്ധതിയുടെ സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ